# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് മുപ്പത്തെട്ട്

## സ്വർഗത്തിലെ യുദ്ധം

Tue വെളിപ്പാട് 12-ലെ ദർശനം നാം എല്ലാവരും കാണണമെന്ന് ഞാൻ ഭാരപ്പെടുന്നു. ഇവിടെയുള്ള ഛായാചിത്രം അപ്രധാനമായ കുറെ വിഷയങ്ങളെ കാണിക്കുന്ന ഒരു ചെറിയ ചിത്രമാണെന്നു ചിന്തിക്കരുത്. അല്ല, മുഴുവൻ പ്രപഞ്ചത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച ഒരു വലിയ ദർശനമാണത്. ഈ ദർശനത്തിലെ സ്ത്രീ ഉല്പത്തി 3-ലെ മനുഷ്യന്റെ വീഴ്ച മുതലുള്ള ദൈവജനത്തെ പ്രതിനിധീകരിക്കുന്നു. സ്ത്രീ ദൈവജനത്തെ മാത്രമല്ല, ദൈവത്തെത്തന്നെ പ്രതിനിധീകരിക്കുന്നു. സ്ത്രീയുടെ മുമ്പിൽ ദൈവത്തിന്റെ ശത്രുവിനെ സൂചിപ്പിക്കുന്ന ഒരു വ്യാളിയുണ്ട്. നൂറ്റാണ്ടുകളായി സ്ത്രീയും വ്യാളിയായ പാമ്പും തമ്മിൽ യുദ്ധം നടന്നുവരുന്നു.

ഈ ദർശനം പ്രപഞ്ചത്തിലെ യഥാർഥ സാഹചര്യത്തെ തുറന്നുകാട്ടുന്നു. ലൗകികരായ ആളുകൾക്ക് കച്ചവടം, രാഷ്ട്രീയം, വ്യവസായം, വിദ്യാഭ്യാസം, യുദ്ധം എന്നീ പുറമെയുള്ള സ്പഷ്ടമായ കാര്യങ്ങളെ മാത്രമേ കാണുവാൻ കഴിയുകയുള്ളൂ. ഇതിന്റെയെല്ലാം അർഥമെന്താണെന്ന് നിങ്ങൾ അവരോടു ചോദിച്ചാൽ അവർക്കറിയില്ലെന്ന് അവർ പറയും. ഒരു നല്ല ഉപജീവനം സമ്പാദിക്കുന്നതിന് ഒരു നല്ല ജോലി ഉണ്ടായിരിക്കുന്നതിനുള്ള വിദ്യാഭ്യാസം നേടുവാൻ മാത്രമേ അവർക്കറിയാവൂ. പ്രപഞ്ചത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതിന്റെ ദർശനം അവർക്കില്ല. എന്നാൽ എന്താണ് നടക്കുന്നതെന്ന് നാം വ്യക്തമായി കാണുന്നു. ഒരു സ്ത്രീ ദൈവജനത്തെ പ്രതീകവൽകരിക്കുകയും ദൈവത്തെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു. അനുലോമപരമായ ഒരു അർഥത്തിൽ, ഭാര്യ എപ്പോഴും അവളുടെ ഭർത്താവിനെ പ്രതിനിധീകരിക്കുന്നു. നിങ്ങളുടെ ഭാര്യ നിങ്ങളെ ശരിയാംവണ്ണം പ്രതിനിധീകരിക്കുന്നില്ലെങ്കിൽ, നിങ്ങൾ ലജ്ജിതനായിരിക്കും. എന്നാൽ ശരിയായ രീതിയിൽ നിങ്ങളെ പ്രതിനധീകരിക്കുന്ന ഒരു ഭാര്യ ഉണ്ടായിരിക്കുന്നത് മനോഹരമാണ്. ദൈവജനമായ നാം അവന്റെ ഭാര്യയാണെന്നും, നാം അവനെ പര്യാപ്തമാംവണ്ണം

പ്രതിനിധീകരിക്കുന്നത് ആവശ്യമാണെന്നും ഇത് സൂചിപ്പിക്കുന്നു. ദൈവം നിസ്തുലനായ ഭർത്താവാണ്, നിസ്തുല ഭാര്യയായ നാം അവനെ പ്രതിനിധീകരിക്കുന്നു. എന്നാൽ ദൈവത്തിന് ഒരു ശത്രു ഉണ്ട്. ഒന്നാമതായി ഈ ശത്രു ഒരു ചെറിയ പാമ്പായിരുന്നു. എന്നാൽ ഒടുവിൽ, അത് ഇപ്പോൾ നമ്മുടെ മുമ്പിൽ നിൽക്കുന്ന ഒരു വലിയ വ്യാളിയായിത്തീർന്നു. നിങ്ങൾക്ക് ഈ ദർശനമില്ലെങ്കിൽ, ഭൂമിയിലോ പ്രപഞ്ചത്തിലോ സംഭവിക്കുന്നതെന്തെന്നറിയാതെ നിങ്ങൾ കുരുടന്മാരായിരിക്കും. ഇത് കേവലം വിദ്യാഭ്യാസം, വ്യവസായം, കച്ചവടം, നയതന്ത്രം, മുതലായവയുടെ കാര്യമല്ല, പ്രത്യുത ദൈവജനവും ദൈവത്തിന്റെ ശത്രുവും തമ്മിലുള്ള പോരാട്ടത്തിന്റെ ഒരു കാര്യമാണ് എന്നതിനായി കർത്താവിനു സ്തോത്രം. നൂറ്റാണ്ടുകളിലുടനീളമായി ഈ യുദ്ധം നടക്കുകയായിരുന്നു, ഇന്നും നടന്നുകൊണ്ടിരിക്കുന്നു.

സ്ത്രീയും വ്യാളിയും തമ്മിലുള്ള പോരാട്ടത്തെക്കുറിച്ച് നാം എല്ലാവരും അറിവുള്ളവരായിരിക്കണം. വാസ്തവത്തിൽ സ്ത്രീയല്ല യുദ്ധം ചെയ്യുന്നത്, അവളുടെ ഉള്ളിലെ ബലമേറിയ ഭാഗമാണ്. കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ളവരിൽ ചിലർ ഈ ബലമേറിയ ഭാഗത്തിന്റെ ഭാഗമാണ്. ഈ ബലമേറിയ ഭാഗം യുദ്ധം ചെയ്യാനുള്ള ഉത്തരവാദിത്വം വഹിക്കണം. യുദ്ധം ചെയ്യാനുള്ള മാർഗം പ്രാർഥിക്കുന്നതിലൂടെയാണ്. കഴിഞ്ഞ നാലു ദൂതുകളിലൂടെ വ്യാളി തുറന്നുകാട്ടപ്പെട്ടു; അവൻ ഇപ്പോൾ നഗ്നനാണ്. ഹല്ലേലൂയ്യാ, അവൻ എന്താണെന്നും ആരാണെന്നും അവന്റെ ദൈവകല്പിതം എന്തായിരിക്കുമെന്നും നമുക്കറിയാം. ഇതിനെക്കുറിച്ച് നാം എല്ലാവരും സാത്താനോടു പ്രസംഗിക്കണം. ഇത് അവനെ ഭയപ്പെടുത്തും.

മിക്ക ക്രിസ്ത്യാനികളും പ്രധാനമായും കാണുന്നത്, മനുഷ്യൻ വീണുപോയെന്നും, ദൈവം ലോകത്തെ സ്നേഹിക്കുകയും രക്ഷകനായിരിക്കുവാൻ തന്റെ ഏകജാതനായ പുത്രനെ അയയ്ക്കുകയും ചെയ്തുവെന്നും, പാപികൾ സുവിശേഷം കേൾക്കുകയും, മാനസാന്തരപ്പെടുകയും, തങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെടുകയും, രക്ഷിക്കപ്പെടുകയും ചെയ്യണമെന്നും, അങ്ങനെ ഒരു ദിവസം അവർ സ്വർഗത്തിലേക്കു പോകുമെന്നുമാണ്. എന്നാൽ നാം ഉന്നതമായ ചിലതു കാണണം. വെളിപ്പാട് പുസ്തകം സാർവത്രികമായ ഒരു ദൃശ്യത്തെ, സാർവത്രികമായ ഒരു വീക്ഷണത്തെ അനാവരണം ചെയ്യുന്നു. അതു കേവലം മനുഷ്യൻ വീണുപോയെന്നതല്ല—അത് ദൈവത്തിന്റെ ശത്രു അവനെതിരായി പോരാടിക്കൊണ്ടിരിക്കുന്നു എന്നാണ്. തന്റെ വ്യവസ്ഥയിൽ ദൈവം തേജസ്സുള്ള ഒരു സ്ത്രീയായിരിക്കുവാൻ ഒരു ജനത്തെ തിരഞ്ഞെടുത്തിരിക്കുന്നു. ഒരിക്കൽ നാം പാപികളായിരുന്നു, എന്നാൽ ഇപ്പോൾ നാം ഈ തേജസ്സുള്ള സ്ത്രീയുടെ ഭാഗമാണ്. ഞാൻ

രക്ഷിക്കപ്പെടുന്നതിനുമുമ്പ്, ഞാൻ ഒരു മോശം പാപിയായിരുന്നു, എന്നാൽ ഞാൻ വീണ്ടുംജനിച്ചശേഷം തേജസ്സുള്ള സ്ത്രീയുടെ ഭാഗമായിത്തീർന്നു. അവൾ എത്ര ശോഭയുള്ളവളാണെന്നു നോക്കൂ. അവളിൽ ഇരുട്ട് ഒട്ടും ഇല്ല. അവളെ സംബന്ധിച്ചതെല്ലാം വെളിച്ചമാണ്—സൂര്യന്റെയും, ചന്ദ്രന്റെയും, നക്ഷത്രങ്ങളുടെയും വെളിച്ചം. ഈ തേജസ്സുള്ള സ്ത്രീയുടെ മുമ്പിൽ രക്തംചൊരിയുന്ന കൊലപാതകിയായ വ്യാളിയുണ്ട്. അവനോട് പോരാടുകയല്ലാതെ നമുക്ക് മറ്റൊരു വഴിയും ഇല്ല. എന്നാൽ, ദർശനമനുസരിച്ച് മുഴുവൻ സ്ത്രീയും പോരാടുന്നില്ല; അവളുടെ ഉള്ളിലെ ബലമേറിയ ഭാഗം മാത്രം വ്യാളിക്കെതിരായി പോരാടുന്നു.

## I. സ്വർഗത്തിലേക്കുള്ള ആൺകുട്ടിയുടെ ഉൾപ്രാപണം നിമത്തം

സ്വർഗത്തിലേക്കുള്ള ആൺകുട്ടിയുടെ ഉൾപ്രാപണംനിമിത്തം അവിടെ യുദ്ധം ഉണ്ടായിരിക്കും. അനേകം ക്രിസ്ത്യാനികൾക്കും, ഉൾപ്രാപണത്തെ സംബന്ധിച്ച് ദരിദ്രമായ ഒരു ധാരണയുണ്ട്. ഉൾപ്രാപണം എന്നത് കേവലം ഒരു സന്തോഷകരമായ സമയം തങ്ങൾക്ക് നല്കുവാൻ വേണ്ടി തങ്ങളെ ഒരു ആനന്ദപ്രദമായ സ്ഥലത്തേക്ക് എടുക്കുന്നതാണെന്ന് അവർ ചിന്തിക്കുന്നു. ഉൾപ്രാപണം നമുക്കുവേണ്ടി മാത്രമല്ല; അത് ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടിയും ദൈവത്തിന്റെ തന്ത്രത്തിനുവേണ്ടിയും ആണ്. ദൈവത്തിന്റെ ശത്രു ഇപ്പോഴും സ്വർഗത്തിലുണ്ട്. ഈ ശത്രു ന്യായംവിധിക്കപ്പെടുകയും അവന്റെ ശിക്ഷ വിളംബരം ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും, കഴിഞ്ഞ പത്തൊമ്പതു നൂറ്റാണ്ടുകളിൽ ശത്രുവിൻമേലുള്ള ദൈവത്തിന്റെ ന്യായവിധി നിർവഹിക്കുന്നവർ അവന് ഇല്ലായിരുന്നു. ദൈവത്തിന്റെ ശത്രുവായ സാത്താൻ ക്രൂശിൽവച്ച് കർത്താവായ യേശുവിനാൽ ന്യായംവിധിക്കപ്പെട്ടിരുന്നു (യോഹ. 12:31; 16:11). അതിനെ തുടർന്ന് ആ ന്യായവിധി നിർവഹിക്കുന്നതിന്, ആ ശിക്ഷ നടപ്പാക്കുന്നതിന്, ജയാളികളായ വിശ്വാസികളുടെ ആവശ്യമുണ്ട്. സാത്താനെതിരെ ജയാളികളായ വിശ്വാസികൾ നടത്തുന്ന പോരാട്ടം വാസ്തവത്തിൽ അവന്റെമേലുള്ള കർത്താവിന്റെ ന്യായവിധി നടപ്പാക്കുന്നതാണ്. ഒടുവിൽ, അവരുടെ പോരാട്ടത്തിലൂടെ അവൻ സ്വർഗത്തിൽനിന്നും പുറത്താക്കപ്പെടും (വാ. 9). ദൈവത്തിന്റെ ന്യായവിധി നടപ്പാക്കുവാനും കുറ്റംചുമത്തപ്പെട്ടവനും, ന്യായംവിധിക്കപ്പെട്ടവനും ശിക്ഷവിധിക്കപ്പെട്ടവനുമായ ശത്രുവിനെ പറഞ്ഞുവിടാനും ആർ സ്വർഗത്തിലേക്കു പോകും? ദൂതന്മാർ ഇതു ചെയ്യുകയില്ല, കാരണം അവർ യോഗ്യരല്ല. ദൂതന്മാരായിരിക്കുന്നതിനാൽ, അവർ നേരത്തേ അവരുടെ ഇടയിൽ ഉണ്ടായിരുന്ന സാത്താന്റെ അതേ നിലയിലുള്ളവരായതുകൊണ്ട് ഇത് ചെയ്യാനുള്ള പദവി

അവർക്കില്ല. ഇത് നിവർത്തിക്കുവാൻ ദൈവത്തിന് ഒരു മനുഷ്യനെയാണ് ആവശ്യം. ഈ മനുഷ്യന് ഒരു തലയുണ്ട്— മനുഷ്യനായ യേശു. അവൻ ആൺകുട്ടിയുടെ തല, സകല ജയാളികൾക്കും വഴിയൊരുക്കുന്നവൻ ആണ്. സാത്താന്റെമേൽ തന്റെ ശിക്ഷ നടപ്പാക്കുവാൻ ദൈവത്തിന് ഇങ്ങനെയുള്ള ഒരു മനഷ്യനെ ആവശ്യമാണ്. ദൈവത്തിന് ഇതുവരെ അവനെ ലഭിച്ചിട്ടില്ലെങ്കിലും, ഒരു ദിവസം അവന് അവനെ ലഭിക്കും.

ദൈവത്തിന്റെ ആവശ്യം നിറവേറ്റുന്നതിന് നാം സ്വർഗത്തിലേക്ക് എടുക്കപ്പെടണം. നമ്മുടെ സ്വന്തം സന്തോഷത്തിനുവേണ്ടി നാം അത്രയധികം ശ്രദ്ധ നല്കരുത്. നമ്മുടെ സന്തോഷത്തിനുവേണ്ടി കരുതുന്നത് ബാബിലോന്യ മനോഭാവമാണ്. ഇത് ബാബിലോന്യ മതത്തിൽനിന്നും ഉരുത്തിരിഞ്ഞതും ബുദ്ധമതത്തിന് സാദൃശ്യമുള്ളതുമായ കത്തോലിക്കാ മതത്തിന്റെ മനോഭാവമാണ്. മതം മാനുഷിക സന്തോഷത്തിനു വേണ്ടിയാണ്, നാം മരിച്ചതിനുശേഷം ഒരു ഉല്ലാസ ദേശത്തിൽ ഒരു നല്ല ജീവിതം ഉണ്ടായിരിക്കുന്നതിനു വേണ്ടിയാണ്. ഈ ചിന്ത പൈശാചികമാണ്. എന്നാൽ, കഷ്ടമെന്നു പറയട്ടെ, ഈ ധാരണ ക്രിസ്തുമതത്തിലെങ്ങും നുഴഞ്ഞുകയറിയിരിക്കുന്നു. "ഞങ്ങൾക്ക് ആനന്ദവും സന്തോഷവുമുള്ള ഒരു ജീവിതം ഉണ്ടായിരിക്കുവാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ മരിക്കുമ്പോൾ ഞങ്ങൾക്ക് സ്വർഗത്തിൽ പോകണം, കാരണം അവിടെ ഞങ്ങൾ സന്തോഷമുള്ളവരായിരിക്കും" എന്നു പറഞ്ഞുകൊണ്ട്, ക്രിസ്ത്യാനികൾ തങ്ങളുടെ സന്തോഷത്തിനുവേണ്ടി മാത്രം കരുതുന്നവരാണ്. ദൈവത്തിന് ഒരു നിത്യോദ്ദേശ്യം ഉണ്ടെന്നും നാം ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റണമെന്നും ക്രിസ്തുമതത്തിൽ നിങ്ങൾ ഒരിക്കലും കേട്ടിട്ടുണ്ടാവില്ല. നമ്മുടെ സന്തോഷത്തിനു വേണ്ടിയല്ല, ദൈവോദ്ദേശ്യം നിറവേറ്റുന്നതിനുവേണ്ടി നാം സ്വർഗത്തിലേക്ക് എടുക്കപ്പെടണം. ദൈവത്തിന്റെ ശത്രുവിന്മേൽ അവന്റെ ന്യായവിധി നടപ്പാക്കുവാൻ നാം അവിടെ പോകണം. ദൈവം ഇതിനായി കാത്തിരിക്കുന്നു.

## A. ജയാളികൾ ഭൂമിയിൽ സാത്താനെതിരായി മരണത്തോളം യുദ്ധം ചെയ്തിരിക്കുന്നു

വാക്യം 7 പറയുന്നു, "സ്വർഗത്തിൽ യുദ്ധം ഉണ്ടായി." ആൺകുട്ടി സ്വർഗത്തിലേക്ക് എടുക്കപ്പെട്ട ഉടനെ മീഖായേൽ തന്റെ ദൂതന്മാരോടുചേർന്ന് സാത്താനെതിരായി ഒരു യുദ്ധം ആരംഭിക്കുന്നു. ദൈവജനത്തിലെ ബലമേറിയ ഭാഗമായ ആൺകുട്ടി എപ്പോഴും ദൈവത്തിന്റെ ശത്രുവായ സാത്താനോടുള്ള പോരാട്ടത്തിൽ മുഴുകിയിരിക്കുന്നുവെന്ന് ഇതു ചൂണ്ടിക്കാണിക്കുന്നു. ജയാളികൾ സാത്താനെതിരായി

തുടർച്ചയായി, മരണത്തോളം പോരാടുകയും, അവനെ ഭൂമിയിൽ പരാജയപ്പെടുത്തുകയും ചെയ്തു. എന്നാൽ സാത്താനെ സ്വർഗത്തിൽനിന്ന് എറിഞ്ഞുകളയാനുള്ള യുദ്ധം നടക്കേണ്ടതിന് അവിടെ എത്തിച്ചേരുവാൻ സ്വർഗം ഇപ്പോഴും അവരെ കാത്തിരിക്കുന്നു.

ശത്രുവിനെ പരാജയപ്പെടുത്തുവാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം കർത്താവു നമുക്ക് കാണിച്ചുതന്നിരിക്കുന്നു. നാം ചെയ്യേണ്ടത് ദൈവവചനമെന്ന ഉടമ്പടി നാം എടുക്കുകയും, കർത്താവു നമുക്കുവേണ്ടി നിവർത്തിച്ചിരിക്കുന്നതിനെ സംബന്ധിച്ച് സാത്താനോടു പ്രസംഗിക്കുകയും ചെയ്യുക എന്നതാണ്. ഉദാഹരണത്തിന്, കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ കോപത്താൽ നാം ക്ലേശിതരായപ്പോഴൊക്കെയും ഒന്നാമത് നാം അത് ഏറ്റുപറയുകയും, പിന്നീട് പാപക്ഷമയ്ക്കുവേണ്ടി കർത്താവിനോട് അപേക്ഷിക്കുകയും, നമ്മെ സഹായിക്കുന്നതിന് കർത്താവിനോടു പ്രാർഥിക്കുകയും, അവസാനം നമ്മുടെ സംയമനം ഇനിയൊരിക്കലും നഷ്ടപ്പെടുത്തുകയില്ലെന്ന് നമ്മുടെ മനസ്സിൽ തീരുമാനിക്കുകയും ചെയ്തു. ഇത് ഞാൻ നിരവധി തവണ അനുഭവിച്ചിട്ടുണ്ട്. എന്നാൽ നാം ഒരിക്കലും ഇതു ചെയ്യരുത്. നമ്മുടെ കോപം ഉണർത്തപ്പെടുമ്പോൾ നാം അതിനെ മറക്കുകയും സാത്താനോടു പ്രസംഗിക്കുകയും ചെയ്യണം. പ്രശ്നത്തിന്റെ ഉറവിടമായ സാത്താനിലേക്കു പോകുകയും "സാത്താനേ, നീ ക്രൂശിൽ തറയ്ക്കപ്പെട്ടിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് അവനോടു പ്രസംഗിക്കുകയും ചെയ്യുക. നാം എത്രയധികം സാത്താനോടു പ്രസംഗിക്കുമോ അത്രയധികം നിങ്ങൾ വിടുവിക്കപ്പെടും.

Wed ആൺകുട്ടിയെ പ്രസവിക്കുകയും അവനെ സിംഹാസനത്തിലേക്ക് എടുക്കുകയും ചെയ്യുമ്പോൾ അവൻ പറയും, "സാത്താനേ, നിന്നെ ഞാൻ ഭൂമിയിൽ പരാജയപ്പെടുത്തിയിരുന്നു. നീ ഇവിടെ സ്വർഗത്തിലും ഒളിച്ചിരിക്കുകയാണോ? ഇപ്പോൾ നിന്നോടു പ്രസംഗിക്കുവാൻ ഞാൻ ഇവിടെ വന്നിരിക്കുന്നു! ഞാൻ നിനക്ക് ഭൂമിയിൽ നല്കിയ ദൂതുകൾ നീ ഓർക്കുന്നില്ലേ?" ഞാൻ ഇതിനെക്കുറിച്ച് തമാശ പറയുകയല്ല. നാം അവിടെ എത്തുമ്പോൾ ഇതായിരിക്കും അവസ്ഥ. അപ്പോൾ ആൺകുട്ടി പറയും, "സാത്താനേ, നീ ഇനി ഇവിടെ നിൽക്കരുത്. കടന്നുപോകൂ!" ആൺകുട്ടി ഈ വാക്കുകൾ ഉച്ചരിച്ച ഉടനെ വ്യാളിക്കെതിരായി യുദ്ധംചെയ്യുവാൻ പ്രധാനദൂതനായ മീഖായേൽ തന്റെ സകല ദൂതന്മാരെയും നയിക്കും. നിർവാഹകൻ വചനം നല്കിയതിനുശേഷം സകല പോലീസുകാരും അതു നടപ്പാക്കുവാൻ വരും. ഈ നിർവാഹകനുവേണ്ടി സ്വർഗത്തിൽ ദൈവം കാത്തിരിക്കുന്നു. ആരായിരിക്കും നിർവാഹകൻ? ആൺകുട്ടിയായ നാം. സാത്താനോടു പ്രസംഗിക്കുവാൻ

നമുക്കവിടെ പോകാം. എന്നാൽ നമുത് ഇതു ചെയ്യുവാൻ കഴിയുന്നതിനുമുമ്പ് നാം ആദ്യം അവനെ ഭൂമിയിൽ പരാജയപ്പെടുത്തണം. സാത്താനെ ഭൂമിയിൽ പരാജയപ്പെടുത്തിയതിനുശേഷം നാം സ്വർഗത്തിലേക്ക് മേലോട്ട് പോരാടുകയും, ഒടുവിൽ ഭൂമിയിലേക്ക് താഴോട്ട് പോരാടുകയും ചെയ്യും. നാം സാത്താനോട് ഏറ്റുമുട്ടുമ്പോൾ നാം അവന് നിരവധി ദൂതുകൾ നല്കണം. പിന്നീട്, നാം സ്വർഗത്തിലേക്കു പോകുകയും, അവനെ അവിടെ സന്ധിക്കുകയും, അവനോട് വീണ്ടും പ്രസംഗിക്കുകയും ചെയ്യും. പിന്നീട്, ഭൂമിയെ നശിപ്പിക്കുവാൻ അവനെ താഴോട്ട് എറിഞ്ഞശേഷം, നാം താഴേക്ക് ഇറങ്ങിവരികയും, "സാത്താനേ, നീ ഇപ്പോഴും ഇവിടെ ഉണ്ടോ? ഞാൻ നിനക്ക് മറ്റൊരു പ്രഭാഷണം തരട്ടെ. നീ അഗാധത്തിലേക്കു പോകുവാനുള്ള സമയമാണിപ്പോൾ" എന്ന് അവനോടു പറയുകയും വേണം. പിന്നീട് സഹസ്രാബ്ദത്തിനുശേഷം സാത്താനു നല്കുവാൻ നാലാമത്തെ ദൂതുണ്ടായിരിക്കും. ആ സമയം ദൈവത്തിനെതിരായി മത്സരിക്കുവാൻ മനുഷ്യവർഗത്തെ സാത്താൻ പ്രേരിപ്പിക്കും. എന്നാൽ നാം സാത്താനോടു പറയും, "സാത്താനേ, ഞങ്ങളെ കേൾക്കൂ. ഇത് ഞങ്ങളുടെ അവസാനത്തെ പ്രഭാഷണമാണ്. ഇപ്പോൾ നീ എത്തേണ്ട സ്ഥലമായ തീപ്പൊയ്കയിലേക്കു പോകണം."

ഇതിൽ പങ്കുകൊള്ളുവാൻ നിങ്ങൾ യോഗ്യതയുള്ളവരാകണമെങ്കിൽ നിങ്ങൾ ഇപ്പോൾ യുദ്ധംചെയ്യണം. അലക്ഷ്യമായിരിക്കരുത്. ഈ ദൂതു വായിച്ചതിനുശേഷം, "സാത്താനേ, നീ എന്നെ അനേകം വർഷങ്ങളായി വഞ്ചിച്ചിട്ടുണ്ട്. എന്നാൽ ഈ ദൂതുകൾ വായിക്കുന്നതിലൂടെ എന്റെ കണ്ണുകൾ തുറക്കപ്പെടുകയും ഞാൻ ഇനിമേൽ അലക്ഷ്യമായിരിക്കരുതെന്ന് കാണുകയും ചെയ്യുന്നു. സാത്താനേ, നീ ദൈവത്തിന്റെ ശത്രു മാത്രമല്ല, നീ എന്റെയും ശത്രുവാണ്. ഇപ്പോൾ മുതൽ ഞാൻ എന്റെ കർത്താവിനുവേണ്ടി മാത്രമുള്ളവനായിരിക്കും, നിന്നെ ഒരിക്കലും ശ്രവിക്കുകയില്ല" എന്ന ശക്തമായ ഒരു വാക്ക് ശത്രുവിനു നല്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. നിങ്ങളുടെ ദൂത് എത്രത്തോളം നീണ്ടതായിരിക്കുമോ അത്രത്തോളം അത് നല്ലതായിരിക്കും. കൂടാതെ, ഈ പ്രസംഗം വ്യക്തിപരമായി നടത്തുന്നതാണ് നമുക്കു നല്ലത്. ഇതുപോലെ നിങ്ങൾ സാത്താനോടു പ്രസംഗിക്കുമെങ്കിൽ നിങ്ങൾ മറ്റൊരു വ്യക്തിയായിത്തീരുകയും ഒരുപക്ഷേ സ്ത്രീയുടെ ബലമേറിയ ഭാഗത്തിൽ വേഗം ഉൾപ്പെടുകയും ചെയ്യും. സാത്താന്റെമേൽ ന്യായവിധി നടപ്പാക്കുവാൻ സ്വർഗത്തിലേക്ക് എടുക്കപ്പെടുന്നവരാകുവാൻ ഇപ്പോൾ യോഗ്യതയുള്ളവരും സജ്ജരും തികഞ്ഞവരും ആയിരിക്കുവാൻ തുടങ്ങുക. നാം ശത്രുവിനോടു പറയണം, "സാത്താനേ, ഇന്നു ഞാൻ ഭൂമിയിൽവച്ച് നിന്നോടു പ്രസംഗിക്കും. പിന്നീട് ഞാൻ

സ്വർഗത്തിൽവച്ച് നിനക്കൊരു ദൂതു നല്കും. അതിനുശേഷം ഞാൻ നിന്നെ ഭൂമിയിൽവച്ചു കാണുകയും ഒരിക്കൽകൂടെ നിന്നോടു പ്രസംഗിക്കുകയും ചെയ്യും. അവസാനമായി ഞാൻ നിനക്ക് ഒരു ദൂതു കൂടെ നല്കുകയും അതിനുശേഷം നിന്നെ തീപ്പൊയ്കയിലേക്ക് എറിയുകയും ചെയ്യും."

ഉൾപ്രാപണം നമ്മുടെ സന്തോഷത്തിനു വേണ്ടിയല്ലെന്ന് ഞാൻ പിന്നെയും പറയുന്നു; അത് ദൈവത്തിന്റെ ഉദ്ദേശ്യത്തിനു വേണ്ടിയാണ്. നമ്മുടെ ദൈവം ശത്രുവിന്മേൽ തന്റെ ന്യായവിധി നടപ്പാക്കുവാൻ സ്വർഗത്തിലേക്കു പോകേണ്ടതിന് ആൺകുട്ടിയായ ജയാളികൾക്കുവേണ്ടി കാത്തിരിക്കുകയാണ്. ഇതിൽ പങ്കുകൊള്ളുന്നത് എത്ര വിശേഷാധികാരമാണ്! ദൂതന്മാർ ഈ വിശേഷാധികാരത്തിൽ പങ്കുകൊള്ളുവാനുള്ള സ്ഥാനത്തല്ല, എന്നാൽ നാം ആണ്. "ഞാൻ ഒരു ജയാളിയായിരിക്കുവാനുള്ള സ്ഥാനത്തായതുകൊണ്ട് കർത്താവിനെ സ്തുതിക്കുന്നു" എന്നു പറയുവാനുള്ള അടിത്തറ ഇപ്പോൾ നമുക്കുണ്ട്!

ആൺകുട്ടി സ്വർഗത്തിലേക്ക് എടുക്കപ്പെട്ട ഉടനെ യുദ്ധം ആരംഭിക്കുന്നുവെന്നു നാം കണ്ടു. ഞാൻ ചെറുപ്പമായിരുന്നപ്പോൾ, എന്തുകൊണ്ടാണ് ആൺകുട്ടി സിംഹാസനത്തിലേക്ക് എടുക്കപ്പെട്ട ഉടനെ യുദ്ധം ആരംഭിക്കുന്നതെന്നു മനസ്സിലാക്കുവാൻ ഞാൻ അന്വേഷിച്ചു. വാസ്തവത്തിൽ ആൺകുട്ടി യുദ്ധം ചെയ്യാതെ, മീഖായേലും അവന്റെ ദൂതന്മാരും എന്തുകൊണ്ടാണ് യുദ്ധം ചെയ്യുതെന്ന് അറിയുവാനും ഞാൻ ആഗ്രഹിച്ചു. ആൺകുട്ടി നിർവാഹകനാകുന്നു എന്നതാണ് അതിന്റെ കാരണം, നിർവാഹകൻ യുദ്ധം ചെയ്യേണ്ട ആവശ്യമില്ല. പകരം, അവൻ ആജ്ഞ നല്കുന്നതേയുള്ളൂ. നിർവാഹകരായ നാം ആജ്ഞ നല്കിയതിനുശേഷം നമ്മെ സേവിക്കുന്ന ദൂതന്മാർ നമുക്കുവേണ്ടി യുദ്ധം ചെയ്യും. ദൂതന്മാർ നമ്മുടെ സേവകരാണ്. "സാത്താനേ, ദൂരെ പോകൂ" എന്നു നാം പറയുമ്പോൾ, അവനെതിരായി യുദ്ധം ചെയ്യുവാൻ മീഖായേൽ നേതൃത്വം എടുക്കും. നിർവാഹകൻ ആജ്ഞ നല്കുമ്പോൾ സകല പോലീസുകാരും അതു നടപ്പാക്കും. സ്ത്രീയുടെ ബലമേറിയ ഭാഗത്തിലായിരിക്കുവാൻ നിങ്ങൾ ഇച്ഛിക്കുന്നുവോ? അതെയെങ്കിൽ, സാത്താനോടു പ്രസംഗിക്കുവാൻ നിങ്ങൾ പഠിക്കണം. സാത്താൻ സ്ഥിരമായി നിങ്ങളെ ക്ലേശിപ്പിക്കുകയായിരുന്നു, എന്നാൽ അവനോടു പ്രസംഗിക്കുവാൻ നിങ്ങൾ തീരുമാനിച്ചതിനുശേഷം അവൻ ഓടിക്കളയും, കാരണം നിങ്ങൾ എന്താണ് ചെയ്യുവാൻ നിർണയിച്ചിരിക്കുന്നതെന്ന് അവനറിയാം. അങ്ങനെ, നിങ്ങൾ പറയണം, "സാത്താനേ, ഉടനെ പോകണ്ട. ഞാൻ കല്പിക്കുന്നതുവരെ പോകുവാൻ നിനക്ക് അനുവാദമില്ല. ഞാൻ നിന്നോടു സംസാരിച്ചു തീരുന്നതുവരെ ഇവിടെ നിൽക്കുക."

വ്യാളിക്കെതിരായി യുദ്ധം ചെയ്യുവാൻ ദൂതന്മാർ തയ്യാറാണ്. "ആൺകുട്ടീ, ഇവിടേക്കു വന്ന് ഞങ്ങൾക്ക് ആജ്ഞ നല്ലു. ഞങ്ങൾ അതു നിർവഹിക്കും" എന്നു മീഖായേൽ പറയുകപോലും ചെയ്യുമായിരിക്കും. എന്നാൽ സാത്താന്റെമേൽ ന്യായവിധി നടപ്പാക്കുവാൻ സ്വർഗത്തിലായിരിക്കുന്നതിന് നാം യോഗ്യതയുള്ളവരാകുവാൻ, ഇപ്പോൾ ഭൂമിയിൽ അവന്റെമേൽ ന്യായവിധി നടപ്പാക്കുവാൻ നാം തുടങ്ങണം. "സാത്താനേ, പോകുവാൻ ഞാൻ നിന്നെ അനുവദിക്കുകയില്ല. ഞാൻ നിന്നെ ബന്ധിക്കുകയും തോല്പിക്കുകയും ചെയ്യും" എന്നു പറയുക.

## B. സ്വർഗീയങ്ങളിലെ ദുഷ്ടാത്മ സേനകൾക്കെതിരെ മൽപിടിത്തം നടത്തി

ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനയോടുമുള്ള മൽപിടിത്തത്തെക്കുറിച്ച് എഫെസ്യർ 6:12-ൽ സംസാരിച്ചപ്പോൾ ഇതാണ് പൗലൊസ് അർഥമാക്കിയത്. ഈ ശക്തികൾ സാത്താന്റെ ദൂതന്മാരാണ്. സാത്താൻ അപഹരിക്കുന്ന, സ്വയംസിംഹാസനസ്ഥനാക്കപ്പെട്ട രാജാവാണ്. അവന്റെ കീഴിൽ ആകാശത്തിൽ നിരവധി പ്രഭുക്കന്മാരും, വാഴ്ചകളും, അധികാരങ്ങളും ഉണ്ട്. വേദപുസ്തകമനുസരിച്ച്, സാത്താനു കീഴിലുള്ള വാഴ്ചകളും, ശക്തികളും, അധികാരങ്ങളും ഭൂമിയിലെ രാജ്യങ്ങളുടെമേൽ ഭരിക്കുന്നു. ഉദാഹരണത്തിന്, ദാനീയേൽ 10:20 "പാർസിപ്രഭുവിനെയും" "യവനപ്രഭുവിനെയും" കുറിച്ചു സംസാരിക്കുന്നു. എല്ലാ ജാതീയ രാജ്യങ്ങളും ആകാശത്തിലെ ഈ സാത്താന്യ പ്രഭുക്കന്മാരുടെ ഭരണത്തിൻകീഴിലാണ്. ദാനീയേൽ പത്താം അധ്യായത്തിൽ ദാനീയേൽ മൂന്ന് ആഴ്ചവട്ടം പ്രാർഥിച്ചു. പ്രാർഥിക്കുവാൻ അവന് ഭാരമുണ്ടായിരുന്നെങ്കിലും അവന് ഉത്തരം ലഭിച്ചില്ല. ഒടുവിൽ, ഒരു സ്വർഗീയ സന്ദർശകൻ ദാനീയേലിനോടു പറഞ്ഞു, "നീ തിരിച്ചറിയേണ്ടതിനും നിന്റെ ദൈവത്തിന്റെ മുമ്പാകെ നിന്നെ താഴ്ത്തേണ്ടതിനും മനസ്സുവച്ച ആദ്യദിവസംമുതൽ നിന്റെ വാക്കു കേട്ടിരിക്കുന്നു: നിന്റെ വാക്കു ഹേതുവായിതന്നേ ഞാൻ വന്നിരിക്കുന്നു. പാർസിരാജ്യത്തിന്റെ പ്രഭു ഇരുപത്തൊന്നു ദിവസം എന്നോട് എതിർത്തുനിന്നു" (ദാനീ. 10:12-13). ഈ സ്വർഗീയൻ ദാനീയേലിന്റെ അടുക്കൽ അയയ്ക്കപ്പെട്ടിരുന്നുവെങ്കിലും സാത്താന്റെ പ്രഭു അവനെ തടസ്സപ്പെടുത്തി. "എങ്കിലും പ്രധാന പ്രഭുക്കന്മാരിൽ ഒരുത്തനായ മീഖായേൽ എന്നെ സഹായിപ്പാൻ വന്നു" എന്ന് ദാനീയേൽ 10:13 തുടർന്നു പറയുന്നു. പുരാതന പാർസിദേശവും യവനദേശവും, ആകാശത്തിലെ വാഴ്ചകളിൻ കീഴിലായിരുന്നു. എന്നാൽ യിസ്രായേൽരാഷ്ട്രം ഒരു സാത്താന്യ

പ്രഭുവിന്റെ കീഴിലായിരുന്നില്ല, പിന്നെയോ യിസ്രായേലിന്റെ പ്രതിരോധകനായ മീഖായേലിന്റെ കീഴിലായിരുന്നു. ദാനീയേൽ ആ മൂന്നു ആഴ്ചവട്ടം പ്രാർഥിക്കുകയായിരുന്നപ്പോൾ സ്വർലോകങ്ങളിൽ ഒരു തീവ്രയുദ്ധം നടക്കുകയായിരുന്നു. നാം സ്ത്രീയുടെ ബലമേറിയ ഭാഗമായ ജയാളികളാകണമെങ്കിൽ, നാം പ്രാർഥിക്കണം. സകല കിംവദന്തികളും, വിമർശനങ്ങളും, എതിർപ്പുകളും മനുഷ്യരിൽനിന്നല്ല വരുന്നത്, പിന്നെയോ അവരിൽ മറഞ്ഞിരിക്കുന്ന സാത്താനിൽ നിന്നാണ്. നിങ്ങൾ ഇതുപോലെ പ്രാർഥിക്കുമെങ്കിൽ, ഒരു ജയാളിയായിരിക്കുവാൻ നിങ്ങൾ യോഗ്യനാണ്. നിങ്ങളുടെ കോപത്തോടോ നിങ്ങളുടെ അസഹ്യപ്പെടുത്തുന്ന പാപത്തോടോ ഇടപെട്ടുകൊണ്ട് സമയം ചിലവഴിക്കാതിരിക്കുക. ഈ കാര്യങ്ങളെല്ലാം ചെറിയ "മൂട്ടകൾ" ആണ്. പകരം, സാത്താനോടു പറയുക, "സാത്താനേ, വർഷങ്ങളായി എന്റെ കോപത്തിനോ എന്നെ അസഹ്യപ്പെടുത്തുന്ന പാപത്തിനോ ശ്രദ്ധനല്കിക്കൊണ്ട് ഞാൻ വ്യതിചലിക്കപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ഞാനത് നിനക്ക് കൈമാറുന്നു. ഈ കാര്യങ്ങൾക്ക് ഞാൻ ശ്രദ്ധ നല്കാതെ നിന്നോടു പ്രസംഗിക്കുന്നതിന് ശ്രദ്ധ നല്കും. എന്റെ കോപത്തെക്കുറിച്ചു പ്രാർഥിക്കുവാൻ എനിക്കു സമയമില്ല, എന്നാൽ നിനക്ക് മറ്റൊരു പ്രഭാഷണം നല്കുവാൻ എനിക്കു സമയമുണ്ട്." "ഓ, എന്റെ കോപവും എന്നെ അസഹ്യപ്പെടുത്തുന്ന പാപവും! ഞാൻ അവയെ ജയിക്കുന്നില്ലെങ്കിൽ എനിക്കെങ്ങനെ വിശുദ്ധനായിരിക്കുവാനും, കർത്താവിന്റെ മുഖം കാണുവാനും, ശരിയായ സഭാജീവിതം നയിക്കുവാനും കഴിയും" എന്നു പറഞ്ഞുകൊണ്ട് നാം എല്ലാവരും വഞ്ചിക്കപ്പെടുകയായിരുന്നു. നിങ്ങളെ അസഹ്യപ്പെടുത്തുന്ന പാപത്തിൽനിന്നും പുറത്തേക്കു കുതിച്ചുചാടി സാത്താന് ഒരു പ്രഭാഷണം നല്കുക. എന്റെ അനുഭവമനുസരിച്ച്, നിങ്ങളുടെ കോപത്തെ ജയിക്കുവാൻ നിങ്ങൾ ശ്രമിക്കുമെങ്കിൽ നിങ്ങളുടെ കോപം വികാസംപ്രാപിക്കുമെന്ന് എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. നിങ്ങളുടെ കോപത്തെ ജയിക്കുവാൻ പ്രാർഥിക്കണ്ട—പാർസിപ്രഭുവിനെയും യവനപ്രഭുവിനെയും ജയിക്കുവാൻ പ്രാർഥിക്കുക. മീഖായേൽ വരുവാൻ ഒരു വഴി ഉണ്ടായിരിക്കുവാൻ പ്രാർഥിക്കുക. കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള അനേകർ സ്ത്രീയുടെ ഭാഗം മാത്രമായിരിക്കാതെ ആൺകുട്ടിയുടെ ഭാഗമായിത്തീരുവാൻ പ്രാർഥിക്കുക. നാം ഇങ്ങനെ പ്രാർഥിക്കുമെങ്കിൽ, ഒരു ദിവസം ആൺകുട്ടി നിലവിൽ വരുകയും, വ്യാളിക്കെതിരായി സ്വർഗത്തിൽ യുദ്ധംചെയ്യുവാൻ പ്രധാനദൂതനായ മീഖായേൽ നേതൃത്വമെടുക്കുകയും അവനെ ഭൂമിയിലേക്ക് എറിഞ്ഞുകളയുകയും ചെയ്യും.

### C. ഉയിർപ്പിക്കപ്പെടുകയും സ്വർഗത്തിലേക്ക് എടുക്കപ്പെടുകയും, സാത്താനെ സ്വർഗത്തിൽ കാണുന്നത് അസഹനീയമായിരിക്കുകയും ചെയ്യുന്നു

ആൺകുട്ടി ഉയിർപ്പിക്കപ്പെടുകയും സ്വർഗത്തിലേക്ക് എടുക്കപ്പെടുകയും ചെയ്തശേഷം സാത്താനെ സ്വർഗത്തിൽ കാണുന്നത് അവൻ സഹിക്കുകയില്ല. ഇന്നും സത്താനെ സഭയിൽ കാണുന്നത് നാം സഹിക്കാതിരിക്കുകയും, അവനോട് യുദ്ധം ചെയ്യുകയും വേണം. ഇന്നു നിങ്ങൾ സാത്താനോട് യുദ്ധം ചെയ്യുമെങ്കിൽ, സ്വർഗത്തിൽവച്ച് അവനോട് യുദ്ധം ചെയ്യുവാൻ നിങ്ങൾ യോഗ്യത ഉള്ളവനായിരിക്കും. നാം ദൈവസിംഹാസനത്തിലേക്ക് എടുക്കപ്പെട്ടതിനുശേഷം സാത്താനെ കാണുകയും, അവൻ നമ്മെ കണ്ടു ഭയപ്പെടുകയും ചെയ്യും. നാം അവനെ കാണുമ്പോൾ നാം അവന്റെ സാന്നിധ്യത്തെ സഹിക്കാതിരിക്കുകയും, "സാത്താനേ, നീ ഇപ്പോഴും ഞങ്ങളുടെ ദൈവത്തിന്റെ വിശുദ്ധമന്ദിരത്തിലുണ്ടോ? ഇതു നിന്റെ സ്ഥലമല്ല. സാത്താനേ, നീ പോകണം" എന്നു നാം പറയുകയും ചെയ്യും. ഉടനെ, മീഖായേൽ നമ്മുടെ വാക്കാൽ പ്രവർത്തിക്കുകയും അവനോടു യുദ്ധംചെയ്യുകയും ചെയ്യും.

## II. പ്രധാനദൂതനായ മീഖായേലും അവന്റെ ദൂതന്മാരും വ്യാളിയോട് യുദ്ധംചെയ്യുന്നു

മീഖായേലും അവന്റെ ദൂതന്മാരും എന്തുകൊണ്ട് ഇപ്പോൾ യുദ്ധം ചെയ്യുകയില്ല? അതിന്റെ കാരണം അവർ നിയമാനുസൃതരും യോഗ്യതയുള്ളവരുമായ നിർവാഹകരല്ല എന്നതാണ്. അവർ കേവലം പോലീസുകാരാണ്. ആൺകുട്ടിയായ നാം ആയിരിക്കും നിയമാനുസൃതരും യോഗ്യതയുള്ളവരുമായ നിർവാഹകർ. നാം കണ്ടതുപോലെ, നിർവഹിക്കുന്ന നമ്മുടെ വാക്ക് പറഞ്ഞതിനുശേഷം സേനാപതിയും അവന്റെ പോലീസുകാരും ശത്രുവിന് എതിരെ യുദ്ധംചെയ്യും.

### A. മോശെയുടെ ശരീരത്തെച്ചൊല്ലി പിശാചുമായി പോരാടുന്നു

മീഖായേൽ, ഗബ്രിയേൽ എന്നീ രണ്ടു ദൂതന്മാരുടെ പേരുകൾ വേദപുസ്തകം വെളിപ്പെടുത്തുന്നു. ഗബ്രിയേൽ ദൈവത്തിന്റെ ജനത്തിന് വാർത്തകൾ കൊണ്ടുവരുന്ന ഒരു വാർത്താസംവേദകനാണെങ്കിൽ (ദാനീ. 8:16; 9:21-22; ലൂക്കൊ. 1:19, 26) മീഖായേൽ ദൈവത്തിന്റെ ജനത്തിനുവേണ്ടി പോരാടുന്ന ഒരു യോദ്ധാവാണ് (ദാനീ. 10:13, 21; 11:1; 12:1; യൂദാ 9; വെളി. 12:7). പ്രധാനദൂതനായ മീഖായേൽ മോശെയുടെ ശരീരത്തെച്ചൊല്ലി പോരാടിയെന്ന് യൂദാ 9 വെളിപ്പെടുത്തുന്നു. മോശെയുടെ ശരീരത്തിനെ സംബന്ധിച്ച്

ദൈവത്തിന് ഒരു ഉദ്ദേശ്യം ഉണ്ടായിരുന്നു. കായാന്തരണമലയിൽ മോശെ സന്നിഹിതനാകണമായിരുന്നു; പതിനൊന്നാം അധ്യായമനുസരിച്ച്, രണ്ടു സാക്ഷികളിൽ ഒരുവനായിരിക്കേണ്ടതിന് അവൻ മടങ്ങിവരണം. ഇക്കാരണത്താൽ, ദൈവത്തിന് അവന്റെ ശരീരം സംരക്ഷിക്കണമായിരുന്നു. എങ്കിലും സാത്താൻ അതിനെ നശിപ്പിക്കുവാൻ ആഗ്രഹിച്ചു. എന്നാൽ ഇതിനെ സംബന്ധിച്ച് മീഖായേൽ സാത്താനോട് യുദ്ധംചെയ്തു.

### B. യിസ്രായേൽജനത്തിനുവേണ്ടി സാത്താന്റെ പ്രഭുക്കന്മാരോട് യുദ്ധം ചെയ്തു

യിസ്രായേൽജനത്തിനുവേണ്ടി മീഖായേൽ സാത്താന്റെ പ്രഭുക്കന്മാരോട് യുദ്ധം ചെയ്തുവെന്ന് ദാനീയേൽ 10:13, 21, 11:1 എന്നീ വചനങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. മീഖായേൽ എപ്പോഴും ദൈവത്തിന്റെ താല്പര്യങ്ങൾക്കു വേണ്ടിയുള്ള ഒരു യോദ്ധാവായിരുന്നു.

### C. ഇപ്പോൾ സ്വർഗത്തിൽനിന്നും ഭൂമിയിലേക്ക് എറിഞ്ഞുകളയുന്നതിന് വ്യാളിയോട് യുദ്ധം ചെയ്യുന്നു

നൂറ്റാണ്ടുകളായി മീഖായേൽ യുദ്ധം ചെയ്യുകയായിരുന്നു. ആൺകുട്ടി സ്വർഗത്തിലേക്ക് എടുക്കപ്പെടുകയും മീഖായേലിന് ആജ്ഞ നല്കുകയും ചെയ്യുമ്പോൾ, അവൻ വ്യാളിയെ സ്വർഗത്തിൽനിന്നും ഭൂമിയിലേക്ക് എറിഞ്ഞുകളയുന്നതിന് അവനോട് ഒരിക്കൽകൂടെ യുദ്ധം ചെയ്യും. ഇതു സംഭവിക്കുന്നത്, ആജ്ഞ നടപ്പാക്കുന്നത്, കാണുവാനും, അതിന്മേൽ മീഖായേൽ പ്രവർത്തിക്കുന്നത് കാണുവാനും അവിടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മിൽ അനേകർ അവിടെ ഉണ്ടായിരിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

## III. വ്യാളിയും അവന്റെ ദൂതന്മാരും യുദ്ധം ചെയ്യുന്നു

### A. പ്രബലപ്പെട്ടില്ല

വാക്യം 7-ഉം 8-ഉം പറയുന്നു, "വ്യാളിയും അവന്റെ ദൂതന്മാരും യുദ്ധം ചെയ്തു. അവരോ പ്രബലപ്പെട്ടില്ല." ദൈവത്തിനെതിരായി മത്സരിക്കുന്നതിന് സാത്താനെ അനുഗമിക്കുന്ന വീണുപോയ ദൂതന്മാരായിരിക്കണം "അവന്റെ ദൂതന്മാർ" (മത്താ. 25:41). സാത്താൻ ഒരിക്കലും മീഖായേലിനും അവന്റെ ദൂതന്മാർക്കുമെതിരായി വിജയിക്കുകയില്ല. അവനെ പരാജയപ്പെടുത്തും.

### B. സ്വർഗത്തിൽ ഇനി സ്ഥലമില്ല

"സ്വർഗത്തിൽ അവരുടെ സ്ഥലം ഇനിമേൽ കണ്ടതുമില്ല" എന്നും

വ്യാളിയെയും അവന്റെ ദൂതന്മാരെയുംകുറിച്ച് വാക്യം 8 പറയുന്നു. പരാജയപ്പെട്ടുക്കഴിഞ്ഞാൽ, വ്യാളിക്കും അവന്റെ ദൂതന്മാർക്കും സ്വർഗത്തിൽ ഇനിമേൽ ഒരു സ്ഥലവും ഉണ്ടായിരിക്കുകയില്ല.

## C. അവന്റെ ദൂതന്മാരോടുകൂടെ സ്വർഗത്തിൽനിന്നും ഭൂമിയിലേക്ക് എറിയപ്പെടുന്നു

വാക്യം 9 പറയുന്നു, "ആൾപ്പാർപ്പുള്ള സർവഭൂമിയെയും വഞ്ചിക്കുന്ന, പിശാചെന്നും സാത്താനെന്നും വിളിക്കപ്പെടുന്ന, പുരാതന സർപ്പമായ, മഹാവ്യാളിയെ താഴേക്ക് എറിഞ്ഞുകളഞ്ഞു; അവനെ ഭൂമിയിലേക്ക് എറിഞ്ഞുകളഞ്ഞു, അവന്റെ ദൂതന്മാരെയും അവനോടുകൂടെ താഴേക്ക് എറിഞ്ഞുകളഞ്ഞു." വ്യാളിയെയും അവന്റെ ദൂതന്മാരെയും ഭൂമിയിലേക്ക് എറിഞ്ഞുകളയുമെന്ന് നാം ഇവിടെ കാണുന്നു. ഇത് അഞ്ചാം കാഹളത്തിന്റെ ആരംഭത്തിൽ സംഭവിക്കും. വെളിപ്പാട് 9:1 പറയുന്നു, "അഞ്ചാമത്തെ ദൂതൻ കാഹളം ഊതി, ആകാശത്തുനിന്ന് ഒരു നക്ഷത്രം ഭൂമിയിൽ വീണുകിടക്കുന്നതു ഞാൻ കണ്ടു, അവന് അഗാധകൂപത്തിന്റെ താക്കോൽ നൽകി." ഈ വാക്യത്തിലെ "നക്ഷത്രം" സാത്താനാണ്. അവൻ സ്വർഗത്തിൽനിന്നും ഭൂമിയിലേക്കു വീണതിനുശേഷം, അഞ്ചാം കാഹളത്തിന്റെ കഷ്ടത്തിന് ഇടവരുത്തുന്നതിന് അഗാധകൂപത്തിലേക്കുള്ള താക്കോൽ അവൻ ഉപയോഗിക്കും. ആ സമയം, അഗാധകൂപത്തിന്റെ ദണ്ഡ് തുറക്കുകയും ഭൂതബാധിതരായ വെട്ടുക്കിളികൾ അതിൽനിന്നു വെളിയിൽവരുകയും ചെയ്യും. ഈ വെട്ടുക്കിളികൾ അഞ്ചു മാസം മനുഷ്യരെ ദണ്ഡിപ്പിക്കുമെന്ന് ഞങ്ങൾ നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അഞ്ചാമത്തെ കാഹളം അവസാനത്തെ മൂന്നര വർഷത്തിന് ആരംഭം കുറിക്കും എന്നോർക്കുക. സ്വർഗീയ നക്ഷത്രമായ സാത്താൻ ഭൂമിയിലേക്ക് എറിയപ്പെട്ടശേഷം: അവന്റെ സമയം വളരെ ചുരുങ്ങിയതാണ്—വെറും മൂന്നര വർഷം.

## IV. ദൈവരാജ്യത്തിന്റെ വരവ്

വ്യാളിയും അവന്റെ ദൂതന്മാരും സ്വർഗത്തിൽനിന്നും എറിയപ്പെട്ടതിനുശേഷം സ്വർഗത്തിൽ ഉച്ചത്തിലുള്ള ഒരു പ്രഖ്യാപനം ഉണ്ടായിരിക്കും. വാക്യം 10 പറയുന്നു, "അപ്പോൾ ഞാൻ സ്വർഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടത്, ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ അധികാരവും വന്നിരിക്കുന്നു, എന്തെന്നാൽ നമ്മുടെ സഹോദരന്മാരെ രാപകൽ നമ്മുടെ ദൈവത്തിനു മുമ്പാകെ കുറ്റം ചുമത്തുന്ന ആരോപകനെ താഴേക്ക് എറിഞ്ഞുകളഞ്ഞിരിക്കുന്നു." സാത്താനോടുള്ള ജയാളികളായ വിശ്വാസികളുടെ യുദ്ധം ദൈവത്തിന്റെ രാജ്യത്തെ ആനയിച്ചുകൊണ്ടുവരുന്നതിനാണ്.

രാജ്യത്തിന്റെ വരവിനുവേണ്ടി പ്രാർഥിക്കുവാൻ കർത്താവു നമ്മെ പഠിപ്പിക്കുന്നു (മത്താ. 6:10). രാജ്യത്തിന്റെ വരവിനുവേണ്ടിയുള്ള നമ്മുടെ പ്രാർഥനയോടുകൂടെ നാം അതിനുവേണ്ടി യുദ്ധം ചെയ്യുകയും വേണം.

സ്വർഗത്തിലേക്കുള്ള ആൺകുട്ടിയുടെ ഉൾപ്രാപണവും, സാത്താനെ ഭൂമിയിലേക്കു എറിഞ്ഞുകളയുന്നതും, സ്വർഗത്തിലുള്ള പ്രഖ്യാപനവും ആൺകുട്ടി രാജ്യത്തെ ഭൂമിയിലേക്കു കൊണ്ടുവരും എന്നു സൂചിപ്പിക്കുന്നു. ആൺകുട്ടി സ്വർഗത്തിലേക്ക് എടുക്കപ്പെടുകയും സാത്താൻ സ്വർഗത്തിൽനിന്നും ഭൂമിയിലേക്ക് എറിയപ്പെടുകയും ചെയ്യുമ്പോൾ, അതായിരിക്കും ദൈവരാജ്യം വരാനുള്ള സമയം. രാജ്യം വരുമെന്നു മാത്രമല്ല, ദൈവത്തിന്റെ രക്ഷയും വരും. ഇന്ന് നമുക്ക് ദൈവത്തിന്റെ രക്ഷ ഉണ്ടെങ്കിലും നാം അതിനെ പൂർണമായി, അങ്ങേയറ്റത്തോളം ആസ്വദിക്കുന്നില്ല. എന്നാൽ ദൈവരാജ്യം വരുമ്പോൾ ദൈവത്തിന്റെ രക്ഷയെ നാം പൂർണമായി ആസ്വദിക്കും. ദൈവത്തിന്റെ ശക്തിയെയും ക്രിസ്തുവിന്റെ അധികാരത്തെയും സംബന്ധിച്ചും അങ്ങനെ തന്നെയാണ്. ഇന്നു നാം ദൈവത്തിന്റെ ശക്തിയിലും ക്രിസ്തുവിന്റെ അധികാരത്തിലും പങ്കെടുത്തിട്ടുണ്ടെങ്കിലും, അവയുടെമേലുള്ള നമ്മുടെ പൂർണ്ണാസ്വാദനം രാജ്യയുഗത്തിൽ ആയിരിക്കും.

ദൈവരാജ്യത്തിന് രണ്ടു വശങ്ങളുണ്ടെന്ന് നാം കണ്ടു: രാജ്യത്തിന്റെ യാഥാർഥ്യത്തിന്റെ വശവും (മത്താ. 5:3) രാജ്യത്തിന്റെ പ്രത്യക്ഷതയുടെ വശവും. ഇന്ന്, ശരിയായ സഭാജീവിതത്തിൽ രാജ്യത്തിന്റെ യാഥാർഥ്യമുണ്ട്. എങ്കിലും, സഭാജീവിതത്തിൽ നമുക്ക് രാജ്യത്തിന്റെ പ്രത്യക്ഷത ഇല്ല. ജയാളികളായ വിശ്വാസികളിലൂടെ കൊണ്ടുവരപ്പെടുന്ന രാജ്യത്തിന്റെ പ്രത്യക്ഷത ആൺകുട്ടി സ്വർഗത്തിലേക്ക് എടുക്കപ്പെട്ടതിനുശേഷം വരും. "ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ...രാജ്യം വന്നിരിക്കുന്നു" എന്ന പദങ്ങൾ ദൈവരാജ്യത്തിന്റെ പ്രത്യക്ഷതയെ കുറിക്കുന്നു. നാം ജയാളികളാണെങ്കിൽ, നാം ഇന്ന് രാജ്യത്തിന്റെ യാഥാർഥ്യത്തിൽ ജീവിക്കുന്നു. ഇപ്പോൾ നാം രാജ്യത്തിന്റെ യാഥാർഥ്യത്തിൽ ആയതിനാൽ ഭാവിയിൽ നിശ്ചയമായും നാം രാജ്യത്തിന്റെ പ്രത്യക്ഷതയിലായിരിക്കും. രാജ്യത്തിന്റെ പ്രത്യക്ഷതയിലായിരിക്കുന്നതിന് രാജ്യത്തിന്റെ യാഥാർഥ്യത്തിൽ ആയിരിക്കേണ്ടത് നമുക്ക് ആവശ്യമാണ്.

പ്രപഞ്ചത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച ഒരു ദർശനം ഈ ദൂതുകളിൽ നാം കണ്ടു. നാം സുബോധമുള്ളവരായതുകൊണ്ട് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് നമുക്കറിയാം. നാം ഭൂമിയിൽനിന്നല്ല കാര്യങ്ങളെ വീക്ഷിക്കുന്നത്— നാം സ്വർഗീയങ്ങളിൽനിന്നും അവയെ വീക്ഷിക്കുന്നു. ദൈവത്തെ പ്രതിനിധീകരിക്കുന്ന ശോഭയുള്ള ഒരു സ്ത്രീയെയും ദൈവത്തിന്റെ

ശത്രുവിനെ സൂചിപ്പിക്കുന്ന ഒരു വ്യാളിയെയും നാം കാണുന്നു. ഇവ രണ്ടും യുദ്ധം ചെയ്യുന്നു എന്നും നാം കാണുന്നു. നാം സ്ത്രീയുടെ ഭാഗം മാത്രമല്ല, വ്യാളിയോടു യുദ്ധംചെയ്യുന്ന സ്ത്രീയുടെ ബലമേറിയ ഭാഗമായിത്തീർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നതിനാൽ കർത്താവിനെ സ്തുതിക്കുന്നു. ഇന്നു നാം വ്യാളിയോട് യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നു; എന്നാൽ ഒരു ദിവസം സ്വർഗം വിട്ടുപോകുവാൻ അവന് ആജ്ഞ നല്കേണ്ടതിന് നാം അവിടെ ആയിരിക്കും. ഒരു മനുഷ്യമനസ്സിനും ഇങ്ങനെയുള്ള ഒരു ചിത്രം ആസൂത്രണംചെയ്യുവാൻ കഴിയുകയില്ല. ഒരിക്കൽകൂടെ പറയട്ടെ, ഇത് ദിവ്യവെളിപാടാണെന്നു വിശ്വസിക്കുവാൻ നാം നിർബന്ധിതരാകുന്നു. ഇങ്ങനെയുള്ള ഒരു വിവരണം എഴുതുവാൻ ആർക്കു കഴിയും? പ്ലേറ്റോയും കൺഫ്യൂഷ്യസും ഉൾപ്പെടെയുള്ളവരിലാർക്കും ഇത് രചിക്കുവാൻ മാത്രമുള്ള ജ്ഞാനമില്ല. ഈ വിവരണം വളരെ ലളിതവും, അത്ഭുതകരവും, അഗാധവും, സർവവും ഉൾക്കൊള്ളുന്നതും ആണ്. പ്രപഞ്ചത്തിൽ നടക്കുന്നതിന്റെ ഒരു സാർവത്രിക വീക്ഷണം ഇത് നമുക്കു നല്കുന്നു. എന്താണ് സംഭവിക്കുന്നതെന്ന് നമുക്കറിയില്ലെന്ന് ഇപ്പോൾ മുതൽ നമ്മിലാർക്കും പറയുവാൻ കഴിയുകയില്ല. "ഞാൻ ദർശനം കണ്ടിരിക്കുന്നു, എന്താണ് സംഭവിക്കുന്നതെന്ന് എനിക്കറിയാം" എന്നു നാം പറയണം. ഈ ദർശനത്തിനായി ഹല്ലേലൂയ്യാ! വെളിപ്പാട് പുസ്തകത്തിന്റെ രണ്ടാമത്തെ ഭാഗത്തിലുള്ള നിരവധി നിർണ്ണായകമായ വിഷയങ്ങളിൽ ഒന്നാമത്തേത് വ്യാളിക്കെതിരെ യുദ്ധംചെയ്യുന്ന തന്റെ ആൺകുട്ടിയോടുകൂടെയുള്ള സാർവത്രികമായ ശോഭയുള്ള സ്ത്രീയുടെ ഈ ദർശനമാണ് എന്നതിനാൽ എനിക്ക് സന്തോഷമുണ്ട്. ഇത് ഒരു നിയന്ത്രിത ദർശനമായിരിക്കണം. നാം ഇത് കാണുന്നിടത്തോളം, നാം എവിടെയാണെന്നും, നാം എന്തു ചെയ്യണമെന്നും, നാം എവിടെ ആയിരിക്കണമെന്നും നാം അറിയും. നാം സഭയിലാണെങ്കിലും നാം ആൺകുട്ടിയിലായിരിക്കണം; നമ്മുടെ ഭാഗധേയം സാത്താനെയും അവന്റെ ദൂതന്മാരെയും സ്വർഗത്തിൽനിന്ന് എറിഞ്ഞുകളയുന്നതിന് നാം ആജ്ഞ നല്കേണ്ടതിന് സ്വർഗത്തിലേക്ക് എടുക്കപ്പെടുന്നതാണ്. ഈ ദർശനം നാം കാണുന്നുവെങ്കിൽ, നാം തീർച്ചയായും നമ്മെത്തന്നെ മറന്ന് ആഹ്ലാദിക്കുന്നവരായിരിക്കും.